മിസ്റ്റർ സി. വി. ഇയ്യു: അദ്ദേഹം തന്നതാൻ പിരിഞ്ഞതോ, പിരിച്ചു വിട്ടതോ എന്നാണു് ചോദ്യം?

മിസ്റ്റർ കെ. അയ്യപ്പൻ: റിവിഷൻ വന്നപ്പോൾ ആ ശമ്പളത്തിൽ ഇരിക്കാൻ ഇഷ്ടമില്ലാതെ പിരിഞ്ഞുപോയി എന്നാണു് ഓർമ്മ.

മിസ്റ്റർ കെ. ടി. അച്യുതൻ: കിട്ടിട്ടുള്ള റിപ്പോർട്ടിന്മേൽ ഉത്തരവാകുവാൻ ഇനി എത്ര താമസം വേണ്ടിവരും?

മിസ്റ്റർ കെ. അയ്യപ്പൻ: അതിനു് അധികതാമസം വേണ്ടിവരികയില്ല.

മിസ്റ്റർ സി. വി. ഇയ്യു: അഞ്ചും, ആറും, ഏഴും ചോദ്യങ്ങൾക്കു് ഈ ബഡ്ജറ്റ് സെഷൻ കഴിയുന്നതിനു് മുമ്പ് ഉപചോദ്യങ്ങളും ചോദിക്കുവാൻ ബഹുമാനപ്പെട്ട പ്രസിഡണ്ടു് അനുവദിക്കുമോ?

Mr. P. Govinda Menon *(Minister for Finance and Law):* If the matter is very important a short notice question may be put by the Hon'ble Member later.

Mr. President: Yes.

COMPULSORY PRIMARY EDUCATION—STEPS TAKEN BY GOVERNMENT

8. (57) **Mr. M. I. Paul** *(Elankunnapuzha):* Will Government be pleased to state whether the Government have taken any measure to introduce compulsory primary education in the State; if so, what are those measures?

Mr. C. A. Ouseph *(Minister for Education and Public Health):* The Cochin Free Compulsory Primary Education Act, XI of 1123 was passed by His Highness on 12th March 1948. But Government have not yet decided the areas in which and the dates on which it should be enforced, since they thought they should leave these and other connected points for the decision of the new Legislative Assembly.

Mr. M. I. Prul *(Elankunnapuzha):* May I know, Sir, when the matter will be placed for the consideration of the Assembly.

Mr. C. A. Ouseph *(Minister for Education and Public Health):* At the earliest possible moment. In fact, steps are being taken to have a survey conducted regarding the intoroduction of Compulsor Primary Education.

REPORT REGARDING LOCK-UP OPPRESSION

9. (158) മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി ഉത്തരം പറയുമോ.—

(എ) ജോജ്ജു് ചടയംമുറിയെ ലോക്കപ്പിലിട്ടു മർദ്ദിച്ചതിനെപ്പറ്റി അന്വേഷണം നടത്താൻ നിയമിക്കപ്പെട്ടിട്ടുള്ള കോടതിയുടെ റിപ്പോർട്ടു് ഗവൺമെണ്ടിലേക്കു കിട്ടിയിട്ടുണ്ടോ; അതു മേശപ്പുറത്തു വെക്കാമോ;

(ബി) എന്തു നടപടി അതിനെ സംബന്ധിച്ചു് എടുത്തിട്ടുണ്ടു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഉവ്വു്, പക്ഷെ റിപ്പോർട്ടു് ഇപ്പോൾ മേശപ്പുറത്തു വെക്കുവാൻ നിവൃത്തിയില്ല.

(ബി) ഇതു ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: എന്നാണു് ഈ റിപ്പോർട്ടു് കണ്ടതെന്നു പറയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: [illegible]

മിസ്റ്റർ സി. വി. ഇയ്യു: ഇത്രയളവെറെ കാലം, ഒന്നിൽ ചിലപ്പോൾ കൊല്ലകാലമായിട്ടു് ഗവൺമെണ്ടിനു ഇതിനെക്കുറിച്ചാലോചിച്ചു് ഒരു തീരുമാനമെടുക്കാൻ കഴിയാഞ്ഞതെന്താണു്; ഇപ്പോൾ അതു് ഏതു നിലയിൽ ഇരിക്കുന്നു?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു് ഇപ്പോൾ പോലീസ്സു് കമ്മീഷണരുടെ ചില അഭിപ്രായങ്ങൾ അറിയുവാൻ വെച്ചിരിക്കുകയാണു്. അതിനു് ഒരു റിപ്പോർട്ടു് ചോദിച്ചിട്ടുണ്ടു്. ആ റിപ്പോർട്ടു വന്നാൽ അതിന്മേൽ Final orders പാസ്സാക്കുന്നതാണു്.

മിസ്റ്റർ പി. കെ. ഡിവർ: പോലീസ്സു് കമ്മീഷണരുടെ റിപ്പോർട്ടിനായി ഇതു് രണ്ടാമതായി അയച്ചതാണോ, അതോ ആദ്യമായിട്ടാണോ അയക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പലതവണയും അയച്ചിട്ടുണ്ട്.

മിസ്റ്റർ പി. കെ. ഡീവർ: ഇതിനെപ്പറ്റി വല്ല നടപടിയും എടുക്കാൻ ഗവണ്മെണ്ട് ആലോചിക്കുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഗവണ്മെണ്ട് വേണ്ടത്തക്ക നടപടികൾ എടുക്കും.

മിസ്റ്റർ പി. കെ. ഡീവർ: അതു് ആ ഉദ്യോഗസ്ഥനു് അയച്ചതിനുശേഷം ഇതുവരെ ആലോചനക്കു് എടുക്കുവാൻ സൌകര്യമുണ്ടാകാതിരിക്കത്തക്കവിധം അതു ഒരു പ്രത്യേക ടീക്കിൽ തന്നെ ഇരിക്കുകയായിരുന്നുവോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അങ്ങിനെ ഒരു ടീക്കിൽതന്നെ ഇരിക്കുകയായിരുന്നില്ല. പല ടീക്കുകളിലായിട്ടു് നടന്നുകൊണ്ടിരുന്നു.

മിസ്റ്റർ പി. കെ. ഡീവർ: അതു് പോലീസ്സ് മന്ത്രിയുടെ അടുക്കൽ ഫ ൦ മാസം ഇരുന്നിരുന്നുഎന്നു പറയുന്നതിൽ വാസ്തവമുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പോലീസ്സ്മന്ത്രിയുടെ കയ്യിൽ അത്രയും കാലം ഇരുന്നിട്ടില്ല. മൂന്നു നാലു മാസം ഇരുന്നിട്ടുണ്ടായിരിക്കും.

മിസ്റ്റർ സി. വി. ഐയ്യു: ഈ വിഷയത്തിൽ ഒരു Short-notice-question ചോദിക്കുന്നപക്ഷം, ആ റിപ്പോർട്ടു് ഉടനെ വരുത്തി ഈ സെഷനിൽതന്നെ മറുപടി പറയാൻ സാധിക്കുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു് പറയാൻ തരമില്ല. കഴിയുന്നതും വേഗത്തിൽ റിപ്പോർട്ട് വരുത്താൻ ശ്രമിക്കാം.

മിസ്റ്റർ സി. വി. ഐയ്യു: റിപ്പോർട്ടു് ഉടനെ കിട്ടണമെന്നു് ആവശ്യപ്പെട്ടാൽ പോലീസ്സ് കമ്മീഷണർ അയക്കുകയില്ലെ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അയക്കും.

മിസ്റ്റർ പി. കെ. ഡീവർ: ഇതിനെ സംബന്ധിച്ചു പോലീസ്സ് കമ്മീഷണർ വല്ല അന്വേഷണങ്ങളും നടത്തുകയുണ്ടായിട്ടുണ്ടോ? അതൊ, ആ കടലാസ്സു് വെറുതെ വെച്ചുകൊണ്ടിരിക്കുകയാണോ ചെയ്തിട്ടുള്ളതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: വെറുതെ വെച്ചുകൊണ്ടിരുന്നതായിട്ടല്ല റിക്കാർട്ടുകൾ കൊണ്ടു കാണുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: ചില ഉദ്യോഗസ്ഥന്മാരുടെ പേരിൽ ചാർജ്ജു് ഉണ്ടെന്നു് അന്വേഷണ ഉദ്യോഗസ്ഥനു് ബോദ്ധ്യപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ നിരപരാധിത്വം തെളിയിക്കാൻ, സാക്ഷികളെ cross examine ചെയ്യാനും മറ്റും ഉള്ള സൌകര്യങ്ങളും കൊടുത്തു്, അതെല്ലാം കഴിഞ്ഞശേഷമല്ലെ റിപ്പോർട്ടു തയ്യാറാക്കി അയ്ക്കുകയുള്ളൂ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതിനു വേണ്ട നിർദ്ദേശങ്ങളെല്ലാം നൽകിയിട്ടുണ്ടു്.

മിസ്റ്റർ കെ. ഡബ്ലിയു. മരളീധരമാരാർ: ഇങ്ങിനെ വേറെയും പല Lock-up മർദ്ദനങ്ങളും ഉണ്ടായതായി ഗവണ്മെണ്ടിനു് അറിവു് ലഭിച്ചിട്ടുണ്ടൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസ്സു വേണം.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: അവസാനമായി ഇതിനെ സംബന്ധിച്ചു റിപ്പോർട്ടു ചെയ്യുവാൻ എന്നാണു് പോലീസ് കമ്മീഷണരോടു് ആവശ്യപ്പെട്ടതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പോലീസ് കമ്മീഷണർക്കു കടലാസ്സു് അയച്ചതു് ഫൻർവ്വ സെപ്റ്റെമ്പർ ഫർ-ാംന- ആണു്.

PROHIBITION—EXTENSION OF—PARTICULARS REGARDING

10. (10) മിസ്റ്റർ സി. വി. ഐയ്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമൊ.—

(എ) മദ്യനിരോധനം ഉടനെതന്നെയോ അടുത്ത വൃശ്ചികം ഫ-ാംന- മുതൽക്കൊ കുറഞ്ഞപക്ഷം മദിരാശി സംസ്ഥാനത്തോടു തൊട്ടുകിടക്കുന്ന തലപ്പള്ളി, തൃശ്ശിവപേരൂർ, മുകുന്ദപുരം, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകളിലെങ്കിലും നടപ്പിൽ വരുത്തുവാൻ ഉദ്ദേശമുണ്ടോ,

(ബി) ഉണ്ടെങ്കിൽ അതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടോ;

(സി) മദ്യനിരോധനം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നെങ്കിൽ കള്ളു്, ബീർ, വൈൻ എന്നീ മദ്യങ്ങളെ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കുവാൻ ഗവണ്മെണ്ടു വിചാരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly